**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 194** **14-09-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തത് മൂലം സഹകരണ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ നിയമഭേദഗതികൾ സമഗ്ര സഹകരണ നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ വ്യക്തമായ സ്കീം രൂപീകരിക്കുന്നതാണ്. |
| (ബി) | എങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും സുതാര്യവും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ നിയമഭേദഗതികൾ സമഗ്ര സഹകരണ നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ വ്യക്തമായ സ്കീം രൂപീകരിക്കുന്നതാണ്. |
| (സി) | ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനം മുഴുവനായി നടപ്പാക്കുവാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | 16-08-2022 തീയതിയിലെ ജി .ഒ. (പി) നം. 144/2022/സഹ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിലും 02-11-2022 തീയതിയിലെ ജി. ഒ. (പി)നം.199/2022/സഹ ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലും പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് നടത്താൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. തുടർന്ന് പൈലറ്റ് പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിനായി 6/5/2023 ലെ ജി. ഒ .(പി) നം. 114/2023/സഹ ഉത്തരവ് പ്രകാരം സർക്കാർ അനുവാദം നല്കി. കൂടാതെ, പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ടീം ഓഡിറ്റ് നടപ്പിലാക്കിയ മാതൃകയിൽ ആലപ്പുഴ, കോട്ടയം, |

| | | | |
|---|---|---|---|
| | | | കണ്ണൂർ ജില്ലകളിൽ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിനായി 27/6/2023 ലെ ജി .ഒ. (പി) നം. 158/2023/സഹ, ഉത്തരവ് പ്രകാരം അനുവാദവും നൽകിയിട്ടുണ്ട്. സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും തിരുവനന്തപുരം ജില്ലയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് 2022 ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു.<br><br>ടീം ഓഡിറ്റിലെ നൂതന സമ്പ്രദായങ്ങൾ സംബന്ധിച്ചും സംഘങ്ങളുമായുള്ള ഓഡിറ്റിന്റെ ആശയ വിനിമയം സംബന്ധിച്ചും സഹകരണ വകുപ്പ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സഹകരണ ഓഡിറ്റ് നവീകരണത്തിന് 2023-'24 ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഓഡിറ്റിംഗിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തത് മൂലം സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടം അവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 50/2021 നമ്പർ സർക്കുലർ മുഖേന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ പൊതു ധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്ര തന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ഓഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സഹകരണ ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം സഹകരണ സംഘം രജിസ്ട്രാറിന് സ്വമേധയാലൊ അല്ലെങ്കിൽ എഴുതപ്പെട്ട ഉത്തരവിനാൽ ചുമതലപ്പെടുത്തിയ ആൾക്കോ സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തികനില എന്നിവ സംബന്ധിച്ച് അന്വേഷണ വിചാരണ നടത്താവുന്നതാണ്. അന്വേഷണ വിചാരണയുടെ അടിസ്ഥാനത്തിൽ സംഘത്തിന്റെ ഘടനയോ, നടത്തിപ്പോ ഏൽപ്പിച്ചിട്ടുള്ളതോ, |

| | | | |
|---|---|---|---|
| | | | അല്ലെങ്കിൽ സംഘത്തിലെ ഉദ്യോഗസ്ഥനോ, ജീവനക്കാരനോ ആയ ആൾ അഥവാ ആയിരുന്ന ആളോ ആരെങ്കിലും ഈ നിയമത്തിനോ, ചട്ടങ്ങൾക്കോ, ഉപനിബന്ധനകൾക്കോ വിരുദ്ധമായി പ്രവർത്തിച്ചതു മൂലം സംഘത്തിന്റെ ആസ്തികളിൽ എന്തെങ്കിലും നഷ്ടമോ, അപഹരണമോ നടത്തിയിട്ടുള്ളതായി കാണപ്പെടുകയാണെങ്കിൽ അങ്ങിനെയുള്ള വ്യക്തിയുടെ നടപടിയെപ്പറ്റി രജിസ്ട്രാറിന് സ്വയം വിചാരണ നടത്തുകയോ, അല്ലെങ്കിൽ ഈ ആവശ്യത്തിലേയ്ക്കായി രേഖാമൂലമായ ഉത്തരവ് പ്രകാരം മറ്റൊരാളോട് അന്വേഷണ വിചാരണ നടത്തുന്നതിന് നിർദ്ദേശിക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ സഹകരണ സംഘം നിയമം വകുപ്പ് 68 (1) പ്രകാരമുള്ള അന്വേഷണം നടത്തുന്ന കേസുകളിൽ/ കാര്യങ്ങളിൽ, ബന്ധപ്പെട്ട ആളിന് കേൾക്കാൻ അവസരം നൽകിയശേഷം ആ പണമോ, അതിന്റെ ഏതെങ്കിലും ഭാഗമോ, നീതിപൂർവ്വമായ നിരക്കിലുള്ള പലിശയോടുകൂടി തിരിച്ചടയ്ക്കുന്നതിന് വകുപ്പ് 68(2) പ്രകാരമുള്ള രേഖാമൂലമുള്ള ഉത്തരവ് സഹിതം നിർദ്ദേശം നൽകാവുന്നതാണ്. സംഘത്തിന് നഷ്ടപ്പെട്ട പണം മേൽ നിർദ്ദേശിച്ച പലിശ സഹിതം വീണ്ടെടുക്കുവാൻ കഴിയാതെ  വന്നാൽ നഷ്ടപ്പെട്ട ടി തുക സഹകരണ സംഘം നിയമം വകുപ്പ് 79 പ്രകാരം ഭൂനികുതി ഈടാക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ച് ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കുന്നതിന് സഹകരണ നിയമം, വകുപ്പ് 68(3) വ്യവസ്ഥ ചെയ്യുന്നുണ്ട്. ഓഡിറ്റ് കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള വ്യവസ്ഥകൾ സമഗ്ര സഹകരണ നിയമ ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ